പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1567 | 14.06.2013 ൽ മറുപടിയ്ക്ക് |
|---|---|

**സ്വദേശിവൽക്കരണത്തിന്റെ ഭാഗമായി മടങ്ങിവരുന്നവരുടെ പുനരധിവാസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>,, അൻവർ സാദത്ത്<br>,, ഹൈബി ഈഡൻ<br>,, സണ്ണി ജോസഫ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സൗദി അറേബ്യയിലെ സ്വദേശിവത്ക്കരണത്തിന്റെ ഭാഗമായി മടങ്ങിയെത്തുവാൻ നിർബന്ധിതരാകുന്ന പ്രവാസി മലയാളി കുടുംബാംഗങ്ങളുടെ സഹായത്തിന് വനിതാ വികസന കോർപ്പറേഷൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കാമോ ; | (എ) & (ബി) സൗദി അറേബ്യയിലെ സ്വദേശിവത്ക്കരണം മൂലം തൊഴിൽ നഷ്ടപ്പെട്ടു തിരിച്ചു വരുന്ന മലയാളി സ്ത്രീകൾക്ക് സ്വയം തൊഴിൽ വായ്പ നൽകുന്ന പദ്ധതികളാണ് കോർപ്പറേഷൻ നടപ്പിലാക്കുന്നത്. സ്വദേശിവൽക്കരണത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ടു തിരിച്ചു വരുന്ന പുരുഷൻമാരുടെ കുടുംബങ്ങളിലെ സ്ത്രീകൾക്കും ഈ വായ്പ നൽകുന്നതാണ്. പുരുഷന്മാരുടെ വരുമാനം നിലയ്ക്കുമ്പോൾ അവരെ ആശ്രയിച്ച് കഴിയുന്ന കുടുംബാംഗങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനാണിത്. പതിറ്റാണ്ടുകളായി കേരളത്തിന്റെ സാമ്പത്തിക-സാമൂഹിക വളർച്ചയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന പ്രവാസികൾക്ക് പ്രതിസന്ധി ഘട്ടത്തിൽ താങ്ങും തണലുമേകുവാൻ കേരളത്തിന് കഴിയണമെന്ന കാഴ്ചപ്പാടിലാണ് വനിതാ വികസന കോർപ്പറേഷൻ ഈ പദ്ധതി രൂപീകരിക്കുന്നത്. |

| | |
|---|---|
| (സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) 6% പലിശ നിരക്കിൽ 5 വർഷത്തെ തിരിച്ചടവ് കാലവധി നൽകി ഓരോ ലക്ഷം രൂപ വീതം ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെ മാനദണ്ഡങ്ങൾ പാലിച്ച് വായ്പ അനുവദിക്കുന്നതാണ്. |
| (ഡി) സ്വദേശിവത്ക്കരണത്തിന്റെ ഭാഗമായി മടങ്ങി എത്തുന്ന ഇവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടികൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) സൗദി അറേബ്യയിലെ സ്വദേശിവത്ക്കരണത്തിന്റെ ഭാഗമായി മടങ്ങി വരുന്ന സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും കോർപ്പറേഷന്റെ വായ്പകൾ നിമിത്തം സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ